**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1970** **16-03-2022 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നത്; പ്രസ്തുത സ്ഥാപനം മറ്റേതെങ്കിലും സ്ഥാപനത്തിന്റെ സബ് സെന്റർ ആയിരുന്നോ; എങ്കിൽ ഏത് സ്ഥാപനമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ഏജൻസിയായിരുന്ന Centre for Land Use & Environment Studies Kerala എന്ന സ്ഥാപനത്തെയാണ് 29.08.1995-ലെ ഉത്തരവ് പ്രകാരം സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ എന്ന് പുനർ നാമകരണം ചെയ്തത്. |
| (ബി) | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനവും ലാൻഡ് യൂസേഴ്സ് ബോർഡും സംയുക്തമായിട്ടാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ ആ സമയത്ത് ഈ രണ്ട് സ്ഥാപനങ്ങൾക്കും വ്യത്യസ്ത മേധാവികൾ ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ; | (ബി) | അല്ല. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ തലവനായിരുന്നു കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന്റെ പ്രാരംഭഘട്ടത്തിൽ ഡയറക്ടറായി ചുമതല വഹിച്ചിരുന്നത്. |
| (സി) | ഈ രണ്ട് സ്ഥാപനങ്ങളിലും 2000 മുതൽ ജോലി ചെയ്തുവന്നിരുന്ന താത്കാലിക ജീവനക്കാരുടെ വിവരം ലഭ്യമാക്കാമോ; | (സി) | കെ.എസ്.ആർ.ഇ.സി.യിലും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലും 2000 മുതൽ ജോലി ചെയ്തു വന്നിരുന്ന താത്കാലിക ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനത്തിലെ നിയമനം പി.എസ്.സി. മുഖേനയാണോ നടത്തുന്നത്; അല്ലെങ്കിൽ നിലവിൽ ഈ സ്ഥാപനം തുടരുന്ന നിയമനരീതി വ്യക്തമാക്കാമോ; | (ഡി) | അല്ല. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ റിക്രൂട്ട്മെന്റും പ്രൊമോഷനും റൂൾസ് അനുസരിച്ചാണ് നിയമന നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ഇ) | നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവയില്ലാതെ പ്രസ്തുത സ്ഥാപനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിനുണ്ടായിരുന്ന സഹാചര്യം എന്താണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | അത്യാവശ്യ സന്ദർഭങ്ങളിൽ എംപ്ലോയ്മെന്റ് മുഖേനയും എക്സ്റ്റേണൽ പ്രോജക്ടുകളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് മുമ്പ് സ്ഥാപനത്തിൽ പ്രവർത്തിച്ച് പരിചയമുള്ളവരെ താൽക്കാലിക അടിസ്ഥാനത്തിലും നിയമിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

കെ.എസ്.ആർ.ഇ.സി.യിൽ 2000 മുതൽ ജോലി ചെയ്തുവന്നിരുന്ന താത്കാലിക ജീവനക്കാരുടെ വിവരം താഴെ പറയുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | താത്കാലിക ജീവനക്കാർ |
|---|---|---|
| 1 | 01.01.2000 to 31.03.2000 | 9 |
| 2 | 2000-2001 | വിവരങ്ങൾ ലഭ്യമല്ല |
| 3 | 2001-2002 | വിവരങ്ങൾ ലഭ്യമല്ല |
| 4 | 2002-2003 | വിവരങ്ങൾ ലഭ്യമല്ല |
| 5 | 2003-2004 | 22 |
| 6 | 2004-2005 | 29 |
| 7 | 2005-2006 | 109 |
| 8 | 2006-2007 | 102 |
| 9 | 2007-2008 | 59 |
| 10 | 2008-2009 | 60 |
| 11 | 2009-2010 | 50 |
| 12 | 2010-2011 | 52 |
| 13 | 2011-2012 | 55 |
| 14 | 2012-2013 | 73 |
| 15 | 2013-2014 | 81 |
| 16 | 2014-2015 | 74 |
| 17 | 2015-2016 | 113 |

| | | |
|---|---|---|
| 18 | 2016-2017 | 65 |
| 19 | 2017-2018 | 91 |
| 20 | 2018-2019 | 82 |
| 21 | 2019-2020 | 81 |
| 22 | 2020-2021 | 49 |
| 23 | 2021-2022 | 37 |

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ 2000 മുതൽ ജോലി ചെയ്തു വന്നിരുന്ന താത്കാലിക ജീവനക്കാരുടെ വിവരം താഴെ പറയുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | താത്കാലിക ജീവനക്കാർ |
|---|---|---|
| 1 | 2000-2001 | 13 |
| 2 | 2001-2002 | 18 |
| 3 | 2002-2003 | 17 |
| 4 | 2003-2004 | 18 |
| 5 | 2004-2005 | 34 |
| 6 | 2005-2006 | 41 |
| 7 | 2006-2007 | 37 |
| 8 | 2007-2008 | 35 |
| 9 | 2008-2009 | 31 |
| 10 | 2009-2010 | 23 |
| 11 | 2010-2011 | 31 |
| 12 | 2011-2012 | 30 |
| 13 | 2012-2013 | 45 |

| | | |
|---|---|---|
| 14 | 2013–2014 | 54 |
| 15 | 2014–2015 | 75 |
| 16 | 2015–2016 | 77 |
| 17 | 2016–2017 | 86 |
| 18 | 2017–2018 | 104 |
| 19 | 2018–2019 | 97 |
| 20 | 2019–2020 | 109 |
| 21 | 2020–2021 | 93 |
| 22 | 2021–2022 | 93 |